(ഡി) സെയിൽസ് ടാക്സ് കേസുകളിൽ കോടതി സ്റ്റേ നൽകുന്ന കേസുകളിൽ ട്രഷറിയിൽ പണം അടയ്ക്കുന്നതിൽ കാലതാമസം ഉണ്ടാക്കാറുണ്ട് ;

(ഇ) പണം അടച്ചതിനുശേഷം കേസ് നൽകിയാൽ കേസിന്റെ തീർപ്പ് അനുസരിച്ചുള്ള തുക കഴിച്ച് ബാക്കി റീഫണ്ട് ചെയ്യുന്നതിനും ഭാവി നികുതിയിലേക്ക് ഈ തുക വേണമെങ്കിൽ വക കൊള്ളിക്കുന്നതിനും വ്യവസ്ഥയുണ്ട്.

സംസ്ഥാനത്തിന്റെ പൊതുകടം

4 [1721] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2004-2005 ഫെബ്രുവരി 15-ാം തീയതി വരെ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നു?

ഉത്തരം

31-12-2004 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ടി താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതു കടം 31-12-2004 വരെ 41,293.37 കോടി രൂപയാണ്.

ട്രഷറി നിയന്ത്രണം

5 [1722] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും ഇല്ലാതിരുന്ന പ്രവൃത്തി ദിവസങ്ങൾ എത്രയായിരുന്നു ;

(ബി) ട്രഷറി പ്രവർത്തിക്കാതിരുന്ന ദിവസങ്ങൾ എത്രയാണ് ; ഇപ്പോഴും നിയന്ത്രണം നിലനിൽക്കുന്നത് ഏതൊക്കെ വിഭാഗങ്ങൾക്കാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ട്രഷറി നിയന്ത്രണം പൂർണ്ണമായും പിൻവലിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ട്രഷറി നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് 1987 മുതൽ ഏർപ്പെടുത്തിയ ചില ക്രമീകരണങ്ങൾ മാത്രമാണ് യു. ഡി. എഫ്. സർക്കാരും തുടരുന്നത്.

(ബി) ട്രഷറി എല്ലാ ദിവസവും പ്രവർത്തിച്ചിരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly